# STD - VII

## അദ്ധ്യാപക സഹായി

## പാഠം - എട്ട്   അത്ഭുതങ്ങളിൽ വിരിയുന്ന ദൈവരാജ്യം   ഭാഗം - ഒന്ന്

### ലക്ഷ്യം

യേശുവിന്റെ അത്ഭുതങ്ങളെല്ലാം ദൈവികത മാത്രമല്ല വെളിപ്പെടുത്തുന്നത്, അവിടത്തെ സ്നേഹവും കരുണയുമാണ്. യേശുവിന്റെ മക്കളായ നാമും മറ്റുള്ളവരോട് കരുണയും സ്നേഹവും ഉള്ളവരായിരിക്കണം.

### പഠനസഹായികൾ

* ബൈബിളിലെ അത്ഭുതങ്ങളുടെ വീഡിയോ ക്ലിപ്പുകൾ, ചിത്രങ്ങൾ.
* സമകാലീനമായി അത്ഭുതം നടന്ന വാർത്തകൾ
* Video - Youtube - In corruptible saints - Vidyajyoti catechism Irinjalakuda
* വിശുദ്ധരുടെ ശരീരം അഴുകാതിരിക്കുന്ന സംഭവങ്ങൾ - വിശുദ്ധ ഫ്രാൻസീസ് സേവ്യർ, വി. പാദ്രെ പിയോ, വി. പത്താം പീയൂസ് പാപ്പാ, വി. തെരേസ മാർഗരറ്റ്, വി. റീത്ത, വി. ആഗ്നസ്...
* ദിവ്യകാരുണ്യ അത്ഭുതങ്ങൾ - സഭ അംഗീകരിച്ചവ - Video - Youtube - Friends of the Holy Eucharist.
* വചനം - ലൂക്കാ. 6:19; യോഹ. 9:35-41; മത്താ. 11:5; മത്താ. 8:1-10; ലൂക്കാ. 4:18-21

### പാഠത്തിന്റെ ഉള്ളടക്കം

* മനുഷ്യബുദ്ധിക്കും കഴിവിനും അതീതമായ പ്രതിഭാസങ്ങളോ പ്രവർത്തനങ്ങളോ സംഭവങ്ങളോ ആണ് അത്ഭുതങ്ങൾ
* യേശുവിന്റെ അത്ഭുതങ്ങൾ ദൈവത്തിന്റെ പ്രത്യേക ഇടപെടലുകളും ദൈവരാജ്യത്തിന്റെ അടയാളങ്ങളുമാണ്.
* സാത്താന്റെയും തിന്മയുടെയും മേലുള്ള വിജയം കാണിക്കുകയാണ് അത്ഭുതങ്ങളുടെ പ്രധാന ഉദ്ദേശ്യം,
* സമവീക്ഷണ സുവിശേഷകന്മാർ അത്ഭുതങ്ങളെ ശക്തിപ്രകടനമായി (Dunamis) കാണുന്നു.
* യോഹന്നാൻ സുവിശേഷകൻ അത്ഭുതങ്ങളെ അടയാളങ്ങളായും (Semeion) ദൈവത്തിന്റെ പ്രവൃത്തികളാലും കാണുന്നു.

* യഹൂദ ജനത പ്രതീക്ഷിച്ചിരുന്ന വിമോചന യുഗം യേശുവിന്റെ അത്ഭുതങ്ങളിലൂടെ പ്രകാശിതമായി.
* അന്ധന്മാർ കാണുന്നു, മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ സുഖമാക്കപ്പെടുന്നു, ബധിരർ കേൾക്കുന്നു, മരിച്ചവർ ഉയർപ്പിക്കപ്പെടുന്നു, ദരിദ്രരോട് സദ്വാർത്ത പ്രഘോഷിക്കപ്പെടുന്നു.
* യേശു തന്റെ ആധികാരിക വചനത്താലാണ് അത്ഭുതം പ്രവർത്തിച്ചത്. അത് സ്വീകരിക്കുന്നവന്റെ വിശ്വാസം അവിടുന്ന് ആവശ്യപ്പെട്ടിരുന്നു.
* ജനത്തെ വിശ്വാസത്തിലേക്കും ദൈവരാജ്യ പ്രഘോഷണത്തിലേക്കും നയിക്കുക എന്നതായിരുന്നു യേശുവിന്റെ അത്ഭുതങ്ങളുടെ ലക്ഷ്യം.
* ബൈബിളിലെ അത്ഭുതങ്ങൾ
* സ്വന്തം പ്രശസ്തിക്കുവേണ്ടി യേശു അത്ഭുതം പ്രവർത്തിച്ചില്ല.
* സ്നേഹവും അനുകമ്പയുമാണ് അത്ഭുതം ചെയ്യാൻ യേശുവിനെ പ്രേരിപ്പിച്ചത്.
* സ്ത്രീയെന്നോ, പുരുഷനെന്നോ, ധനവാനെന്നോ, ദരിദ്രനെന്നോ ഭേദമില്ലാതെ എല്ലാവർക്കും അവിടുന്ന് ആശ്വാസം നൽകി.

## പ്രാർത്ഥന

അത്ഭുതങ്ങളിലൂടെ അനേകരുടെ കണ്ണുനീരൊപ്പിയ സ്നേഹനാഥാ, വേദനിക്കുന്നവരോട് കരുണയും സ്നേഹവും പ്രകടിപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മേൻ

# STD - VII

## അദ്ധ്യാപക സഹായി

## പാഠം - എട്ട്  അത്ഭുതങ്ങളിൽ വിരിയുന്ന ദൈവരാജ്യം  ഭാഗം - രണ്ട്

### ലക്ഷ്യം

യേശുവിന്റെ അത്ഭുതങ്ങളെല്ലാം ദൈവികത മാത്രമല്ല വെളിപ്പെടുത്തുന്നത്, അവിടത്തെ സ്നേഹവും കരുണയുമാണ്. യേശുവിന്റെ മക്കളായ നാമും മറ്റുള്ളവരോട് കരുണയും സ്നേഹവും ഉള്ളവരായിരിക്കണം.

### പഠനസഹായികൾ

* ബൈബിളിലെ അത്ഭുതങ്ങളുടെ വീഡിയോ ക്ലിപ്പുകൾ, ചിത്രങ്ങൾ.
* സമകാലീനമായി അത്ഭുതം നടന്ന വാർത്തകൾ
* Video - Youtube - In corruptible saints - Vidyajyoti catechism Irinjalakuda
* വിശുദ്ധരുടെ ശരീരം അഴുകാതിരിക്കുന്ന സംഭവങ്ങൾ - വിശുദ്ധ ഫ്രാൻസീസ് സേവ്യർ, വി. പാദ്രെ പിയോ, വി. പത്താം പീയൂസ് പാപ്പാ, വി. തെരേസ മാർഗരറ്റ്, വി. റീത്ത, വി. ആഗ്നസ്...
* ദിവ്യകാരുണ്യ അത്ഭുതങ്ങൾ - സഭ അംഗീകരിച്ചവ - Video - Youtube - Friends of the Holy Eucharist.
* വചനം - മത്താ. 8:23-27; മത്താ. 14:13-21; മത്താ. 14:22-33 (പ്രകൃതിയിലുള്ള അത്ഭുതങ്ങൾ), മത്താ. 8:1-4; മത്താ. 8:5-13; മത്താ. 8:14-17 (രോഗശാന്തി അത്ഭുതങ്ങൾ), മത്താ. 8:28-34; മത്താ. 17:14-21 (പിശാചിനെ ബഹിഷ്കരിക്കൽ), മത്താ. 9:18-26; ലൂക്കാ. 7:11-17; യോഹ. 11:38-44 (മരിച്ചവരെ ഉയിർപ്പിക്കൽ), മർക്കോ. 2:5; മർക്കോ. 5:34; മത്താ. 8:10, മത്താ. 9:18-25; യോഹ. 4:50; യോഹ. 11:40 (യേശുവിൽ വിശ്വാസമുള്ളിടത്തുമാത്രമേ അത്ഭുതങ്ങൾ നടക്കുകയുള്ളൂ)

### പാഠത്തിന്റെ ഉള്ളടക്കം

* വിശ്വാസവും പ്രാർത്ഥനയുമുണ്ടെങ്കിൽ തന്റെ നാമത്തിൽ അത്ഭുതങ്ങൾ പ്രവർത്തിക്കാനും രോഗശാന്തി നൽകാനും നമുക്കും കഴിയുമെന്ന് യേശു പഠിപ്പിച്ചു.
* യേശുവിന്റെ അത്ഭുതങ്ങൾ 4 ഗണത്തിൽപ്പെടുന്നു: 1. പ്രകൃതിയിലുള്ള അത്ഭുതങ്ങൾ, 2. രോഗശാന്തി, 3. പിശാചിനെ ഒഴിപ്പിക്കൽ, 4. മരിച്ചവരെ ഉയർപ്പിക്കൽ
* യേശുവിന്റെ അത്ഭുതങ്ങളുടെ പൂർണ്ണതയാണ് യേശുവിന്റെ ഉത്ഥാനം. മറ്റ് അത്ഭുത

ങ്ങളോട് തുലനം ചെയ്യാൻ പറ്റാത്തതിനാൽ അത് അത്ഭുതങ്ങളുടെ കൂട്ടത്തിൽ പെടുത്താനാവില്ല.

* ജനത്തെ വിശ്വാസത്തിലേക്കു നയിക്കുക എന്നതായിരുന്നു യേശുവിന്റെ അത്ഭുതങ്ങളുടെ ലക്ഷ്യം.
* പുറപ്പാട് സംഭവവും പെസഹാ ആചരണവും ഇസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ അത്ഭുതങ്ങളാണ്.
* യേശുവിന്റെ ദൈവികത മാത്രമല്ല, സ്നേഹവും കരുണയും കരുതലും വെളിപ്പെടുത്തുന്നതാണ് യേശുവിന്റെ അത്ഭുതങ്ങൾ.
* വിശ്വാസത്തോടെ യേശുവിനെ സമീപിക്കുന്നവൻ ഒരിക്കലും നിരാശരാകുകയില്ല.
* യേശുവിന്റെ പ്രിയമക്കളായ നാമും മറ്റുള്ളവരോട് കരുണയും സ്നേഹവും പ്രകടിപ്പിക്കുന്നവരാകണം.

## പ്രാർത്ഥന

അത്ഭുതങ്ങളിലൂടെ അനേകരുടെ കണ്ണുനീരൊപ്പിയ സ്നേഹനാഥാ, വേദനിക്കുന്നവരോട് കരുണയും സ്നേഹവും പ്രകടിപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മേൻ

## ചോദ്യങ്ങൾ

1. എന്താണ് അത്ഭുതങ്ങൾ? യേശു പ്രവർത്തിച്ച അത്ഭുതങ്ങളുടെ പ്രത്യേകത എന്താണ്?
2. അത്ഭുതങ്ങളുടെ ലക്ഷ്യം എന്താണ്?
3. അത്ഭുതങ്ങളെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ചിരിക്കുന്നത് എങ്ങനെ? വചനത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കുക.
4. യേശുവിന്റെ അത്ഭുതങ്ങൾ നമ്മെ സ്വാധീനിക്കേണ്ടത് എങ്ങനെ?
5. അത്ഭുതങ്ങളെ സമവീക്ഷണ സുവിശേഷകരും യോഹന്നാനും കാണുന്നത് എങ്ങനെ?